# കേരള സർവകലാശാല
## എൻജിനീയറിങ് സബ്ഡിവിഷൻ ,കാര്യവട്ടം
## തിരുവനന്തപുരം
## <u>സ്ക്രാപ്പ് വില്പ്പന പരസ്യം</u>

കേരള സർവകലാശാല എൻജിനിയറിങ് വിഭാഗത്തിന് കീഴിൽ ഇലക്ട്രിക്കൽ സെക്ഷൻ കാര്യവട്ടം പാളയം ഓഫീസുകളിൽ ലിസ്റ്റ് ചെയ്തുസൂക്ഷിച്ചിട്ടുള്ള സ്ക്രാപ്പ് മെറ്റീരിയൽസ് പരസ്യ ലേലം /ക്വട്ടേഷൻ വ്യവസ്ഥയിൽ വിൽപ്പനയിലൂടെ നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നു .പരസ്യലേലത്തിന്റെയും ക്വട്ടേഷന്റെയും വിശദാംശം താഴെ ചേർക്കുന്നു

| ലേല സ്ഥലം | ലേല തീയതിയും സമയവും | ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതിയും സമയവും | നിരതദ്രവ്യം |
|---|---|---|---|
| എഞ്ചിനീയറിംഗ് സബ് ഡിവിഷൻ ഓഫീസ് കാര്യവട്ടം | 10/02/2022 വ്യാഴാഴ്ച രാവിലെ 11 മണി | 10/02/2022 വ്യാഴാഴ്ച രാവിലെ 10.30 മണി | 10,000/- രൂപ |

ക്വട്ടേഷൻ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർ വെള്ളപേപ്പറിൽ തയ്യാറാക്കിയ ക്വട്ടേഷനുകൾ മുദ്രവച്ച കവറിനുള്ളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സബ് ഡിവിഷൻ-1 കാര്യവട്ടം എന്ന വിലാസത്തിൽ നിശ്ചിത സമയത്തിനു മുൻപ് ലഭിക്കത്തക്ക വിധത്തിൽ നേരിട്ടോ തപാൽ മാർഗമോ സമർപ്പിക്കേണ്ടതാണ്.വിലക്കെടുക്കാൻ ഉദ്ദേശിക്കുന്ന തുക അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾക്കൊപ്പം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും എടുത്ത പതിനായിരം രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റും തിരിച്ചറിയൽ രേഖയുടെ പകർപ്പും (ആധാർ )ഉള്ളടക്കം ചെയ്യേണ്ടതാണ് വൈകികിട്ടുന്നതും അപൂർണമായതും നിരതദ്രവ്യം ഉള്ളടക്കം ചെയ്യാത്തതുമായ ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ് .ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു മുകളിൽ ഇലക്ട്രിക്കൽ സ്ക്രാപ്പ് വിലയ്ക്ക് എടുക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തിയിരിക്കണം .

പരസ്യ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത സ്ഥലത്തും സമയത്തും നേരിട്ട് ഹാജരായി തിരിച്ചറിയൽ രേഖയുടെ പകർപ്പും ഡിമാൻഡ്

ഡ്രാഫ്റ്റും ഹാജരാക്കി ലേലത്തിൽ പങ്കു കൊള്ളേണ്ടതാണ് ലേല നടപടികൾക്ക് ശേഷം ക്വട്ടേഷൻ ഹാജരാക്കിയവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം/ ക്വട്ടേഷൻ നൽകിയ ആൾക്ക് അനുമതിക്കു വിധേയമായി വില്പന സ്ഥിരപ്പെടുത്തി നൽകുന്നതും ടിയാൻ മൂന്നു പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ തുകയും ക്രമപ്രകാരമുള്ള നികുതിയും അടച്ചു 7 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ ഉദ്യോഗസ്ഥരുടെ നിർദേശത്തിലും സാന്നിധ്യത്തിലും സാധനസാമഗ്രികൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്

വിൽപ്പന സംബന്ധമായി സർവകലാശാലയിലും സംസ്ഥാനത്തും നിലവിലുള്ള നിയമാവലികൾ ലേല നടപടിക്രമങ്ങൾക്കും ബാധകമാണ് വിൽപ്പന സംബന്ധിച്ച അന്തിമ തീരുമാനം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും .ഏതൊരു ഘട്ടത്തിലും വില്പന നടപടികൾ നിർത്തി വയ്ക്കുന്നതിനും റദ്ദാക്കുന്നതിനുമുള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ് .വില്പനയ്ക്ക് വച്ചിട്ടുള്ള സാധനസാമഗ്രികൾ 2022 ഫെബ്രുവരി 3 മുതൽ 8 വരെ പ്രവർത്തി സമയങ്ങളിൽ കാര്യവട്ടം പാളയം ക്യാമ്പസുകളിലെ ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിധ്യത്തിൽ പരിശോധിക്കാവുന്നതാണ് .

അസിസ്റ്റന്റ് എൻജിനീയർ - പാളയം -നഹാസ്   ഫോൺ :.7012404963

അസിസ്റ്റന്റ് എൻജിനീയർ-കാര്യവട്ടം-റിയാസ് മോൻ ഫോൺ:.9539396053

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**